II ഇ.ബി.XIV-കേരള നിയമസഭ/X-2

# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ഫെബ്രുവരി 27, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(മട്ടന്നൂർ ബ്ലോക്ക് യൂത്ത് കോൺഗ്രസ് സെക്രട്ടറി ഷുഹൈബിന്റെയും മധു എന്ന ആദിവാസി യുവാവിന്റെയും കൊലപാതകവുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ബഹു. സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിക്കുകയും ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

പ്രതിപക്ഷാംഗങ്ങൾ ചോദ്യങ്ങൾ ഉന്നയിക്കാതിരുന്നതിനാൽ *31, *32 എന്നീ നമ്പർ ചോദ്യങ്ങൾ പരിഗണനയ്ക്കെടുത്തില്ല.

2 (*33) <u>വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണ മേഖലകൾ</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) നൽകിയ മറുപടിയിൽ, കെ.എസ്.ഇ.ബി. വാർഷിക പദ്ധതിയുടെ ഭാഗമായി 2018-19 സാമ്പത്തിക വർഷം വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണ മേഖലകളിൽ യഥാക്രമം 721 കോടി, 467 കോടി, 1034 കോടി രൂപയുടെ പദ്ധതികളും പ്രസരണ മേഖലയിൽ കിഫ്ബിയുടെ സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി 1327 കോടി രൂപയുടെ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഉൽപ്പാദനമേഖലയിൽ നിർമ്മാണം നടന്നുവരുന്ന, 2018-2020-ൽ പൂർത്തിയാക്കാനുദ്ദേശിക്കുന്ന വിവിധ പദ്ധതികൾക്ക് 253.50 കോടി രൂപ മുതൽമുടക്കുമെന്നും 2020-നുശേഷം പൂർത്തിയാക്കാനുദ്ദേശിക്കുന്ന മറ്റ് ജലവൈദ്യുത പദ്ധതികളുടെ സ്ഥലമെടുപ്പ്, ടെണ്ടർ നടപടികൾ, ഇൻവെസ്റ്റിഗേഷൻ, പ്രാരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് 97.59 കോടി രൂപയും പരിഗണനയിലുള്ള ജലവൈദ്യുത പദ്ധതികളുടെ സർവ്വേ, പരിസ്ഥിതി പഠനം എന്നിവയ്ക്കായി 1.5 കോടി രൂപയും നിലവിലുള്ള വിവിധ ഉല്പാദന നിലയങ്ങളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 120.11 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പ്രസരണ മേഖലയിൽ വിവിധ വോൾട്ടിലുള്ള 725 സർക്യൂട്ട് കിലോമീറ്റർ ലൈനുകൾ സ്ഥാപിക്കുന്നതിനും പ്രസരണ ശൃംഖലയുടെ ശേഷി 635 MVA

വർദ്ധിപ്പിക്കുന്നതിനുമായി 450 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ബോർഡ് ലക്ഷ്യമിടുന്നത്. കാറ്റ്, സൗരോർജ്ജം എന്നീ പദ്ധതികൾക്കായി 36 കോടി രൂപയും ഡാമുകളുടെ പുനരുദ്ധാരണത്തിനായി 40 കോടി രൂപയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമെന്നും അതുവഴി ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണുക എന്നതാണ് സർക്കാരിന്റെ നയമെന്നും മന്ത്രി അറിയിച്ചു. പുരപ്പുറ സൗരോർജ്ജ പദ്ധതി വഴി വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ അനെർട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ നൂറ് മെഗാവാട്ട് വൈദ്യുതി സോളാറിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നുണ്ട്. വിതരണ മേഖലയിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആഗോളനിലവാരമുള്ളതും തടസ്സരഹിതവും ഗുണമേന്മയുള്ളതുമായ വൈദ്യുതി ലഭ്യമാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. വിദൂര ഗ്രാമപ്രദേശങ്ങൾ ഹൈബ്രിഡ് മൈക്രോഗ്രിഡ് സംവിധാനം വഴി വൈദ്യുതീകരിക്കുന്ന ഒരു മാതൃകാ പദ്ധതി എനർജി മാനേജ്മെന്റ് സെന്റർ ലക്ഷ്യമിടുന്നുണ്ട്. ഊർജ്ജ സംരക്ഷണത്തിനും ഗാർഹിക മേഖലയിലുൾപ്പെടെ വൈദ്യുതി ദുർവ്യയം കുറയ്ക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പാക്കിവരികയാണ്. ഊർജ്ജ കാര്യക്ഷമത

വർദ്ധിപ്പിക്കുന്നതിനായി വ്യവസായ മേഖലയിൽ ഊർജ്ജ ആഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ടെന്നും തെരഞ്ഞെടുത്ത പഞ്ചായത്തുകൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെന്നും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഊർജ്ജ സംരക്ഷണ അവാർഡുകൾ നൽകുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ രണ്ട് ഇലക്ട്രിക് കാർ വീതം വാങ്ങിയിട്ടുണ്ടെന്നും അവയുടെ അതിവേഗ ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി ദർഘാസ് നടപടികൾ നടന്നുവരികയാണെന്നും നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്തുടനീളം ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം കെ.എസ്.ഇ.ബി.എൽ.-ൽ നിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ഈ വർഷം ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിനും മുടങ്ങിക്കിടക്കുന്ന വൈദ്യുത പദ്ധതികൾ പുനരാരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വയനാട്, ഇടുക്കി ജില്ലകളിലെ ആദിവാസികൾക്ക് വൈദ്യുതി എത്തിക്കുന്നതിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്ന് തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 8.43-ന് ചോദ്യോത്തരവേള താൽക്കാലികമായി നിർത്തിവയ്ക്കുകയും 9.20-ന് പുനരാരംഭിക്കുകയും ചെയ്തു.)

3 (*34) കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ബാധിക്കുന്ന നിർദ്ദേശങ്ങൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, നോട്ട് നിരോധനത്തിന്റെയും വികലമായ സാമ്പത്തിക നയങ്ങളുടെയും ഫലമായി തകർന്ന കാർഷിക, പരമ്പരാഗത വ്യവസായം, മത്സ്യബന്ധനം, വിനോദസഞ്ചാരം തുടങ്ങിയ പ്രധാന മേഖലകളെ പുനരുജ്ജീവിപ്പിക്കുന്നതിനും വൻകിട പദ്ധതികൾ അനുവദിക്കുന്നതിനും കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ നിറവേറ്റുന്നതിനുമുതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് പര്യാപ്തമായ പ്രഖ്യാപനങ്ങളൊന്നും കേന്ദ്ര ബഡ്ജറ്റിൽ ഉണ്ടായിരുന്നില്ലെന്നും സഭയെ അറിയിച്ചു. 2017-18 വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള അടങ്കൽ 2017-18-ലെ പുതുക്കിയ എസ്റ്റിമേറ്റിലും 2018-19-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിലും വർദ്ധിപ്പിച്ചിട്ടുണ്ടെന്നും കേന്ദ്രം ഏർപ്പെടുത്തിയിരിക്കുന്ന നിബന്ധനകൾ സ്റ്റേറ്റ് സ്പെസിഫിക് അല്ലാത്തതിനാൽ സംസ്ഥാനത്തിന് ലഭിക്കാനുള്ള തുക സംസ്ഥാന

ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ കുറയാൻ സാധ്യതയുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഉത്പാദന ചെലവിന്റെ ഒന്നര ഇരട്ടി താങ്ങുവില നിശ്ചയിക്കാൻ കേന്ദ്ര ബഡ്ജറ്റിൽ തീരുമാനിച്ചെങ്കിലും കേരളത്തിലെ നാണ്യവിളകൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കാൻ സാധ്യതയില്ല. ഭക്ഷ്യ സബ്സിഡിക്കുള്ള വിഹിതം 2017-18-ലെ പുതുക്കിയ എസ്റ്റിമേറ്റിൽ കുറച്ചതും മണ്ണെണ്ണ സബ്സിഡി, വിവിധ ഇനം പലിശ സബ്സിഡികൾ, മറ്റ് ചില സബ്സിഡികൾ എന്നിവയിൽ 2018-19-ൽ വരുത്തിയിട്ടുള്ള ഗണ്യമായ വെട്ടിച്ചുരുക്കലുകൾ സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കും. കേന്ദ്രം മണ്ണെണ്ണ സബ്സിഡി വെട്ടിക്കുറച്ചതിലൂടെ മത്സ്യമേഖലയിലെ തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എക്സൈസ് തീരുവയിൽ ഇളവ് വരുത്തിയെങ്കിലും റോഡ് പശ്ചാത്തല സൗകര്യ സെസ് ഏർപ്പെടുത്തിയതിലൂടെ സമാഹരിക്കുന്ന തുക സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കേണ്ട നികുതിയുടെ പൊതുഫണ്ടിൽ ഉൾപ്പെടാത്തതിനാൽ ടി വരുമാനം പൂർണ്ണമായും കേന്ദ്ര സർക്കാരിനാണ് ലഭിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി. വിപണി ഇടപെടലിനും പ്രൈസ് സപ്പോർട്ടിനുമുള്ള വിഹിതത്തിൽ 2018-19-ലെ ബഡ്ജറ്റിൽ മുൻ വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 79 ശതമാനം കുറവ് വരുത്തിയിട്ടുണ്ട്. വിലസ്ഥിരതാ നിധിക്കുള്ള തുക 3500 കോടി രൂപയിൽനിന്നും 1500 കോടി രൂപയായി വെട്ടിക്കുറച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഇത്തരം

നടപടികളുടെ ഫലമായി കാർഷിക മേഖലയിലെ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകുകയും വിലക്കയറ്റവും നാണയപ്പെരുപ്പവും വർദ്ധിക്കുകയും ചെയ്യുമെന്നും പാലക്കാട് കോച്ച് ഫാക്ടറി, റെയിൽവേ സോൺ, ശബരി റെയിൽപ്പാത, പാത ഇരട്ടിപ്പിക്കൽ എന്നിവയ്ക്കായി കേന്ദ്ര ബഡ്ജറ്റിൽ തുക വകയിരുത്താത്തത് സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് തടസ്സമാകുമെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 330 മുതൽ 609 വരെയുള്ള ചോദ്യങ്ങളിൽ 75 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)